(സി) ഏതെങ്കിലും സ്കൂളിൽ പുതിയ ശമ്പളവും അലവൻസും കൊടുത്തിട്ടുണ്ടോ ;

(ഡി) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരെ പ്രാവിഡൻറ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സക്കാർ സർവ്വീസിലുള്ള രണ്ടാംഗ്രേഡ് ഗ്രാഡുവേറ്റ് അദ്ധ്യാപകരുടേയും, അണ്ടർ ഗ്രാഡുവേറ്റ് അദ്ധ്യാപകരുടേയും ശമ്പള സ്കെയിലുകളും പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും 1955 ഏപ്രിൽ 1-ാം തീയതിമുതൽ കൊടുക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഡീയർനസ് അലവൻസ് സംബന്ധിച്ച് ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഇത് ലേയ്ക്ക് വേണ്ട സത്വരനടപടികളും എടുത്തുവരുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്.

ഡവലപ്പുമെൻറ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന സംഖ്യ.

* 907 [46] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡവലപ്പുമെൻറ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന സംഖ്യ ലാപ്സാകാതെ മുഴുവനും ചെലവുചെയ്യുന്നതിന് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ കൊള്ളിച്ചിരിക്കുന്ന സംഖ്യ ചെലവാക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റുകളും മറ്റും തയ്യാറാക്കുന്നതിന് ആവശ്യത്തിന് സ്റ്റാഫ് ഉണ്ടോ ;

(സി) ഇതു പരിഹരിക്കുന്നതിന് ആവശ്യമായ കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ ആണ്ടിൽ ചെയ്യുതീർക്കേണ്ട ജോലികൾ ഈ ആണ്ടിൽത്തന്നെ ചെയ്തുതീർക്കേണ്ടതാണെന്നും ഗവൺമെൻറ് കരുതുന്നുവെന്നും, ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർ അതിൽ ശ്രമശീലരായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അപ്പോഴപ്പോൾ വേണ്ടിവരുന്ന സ്റ്റാഫിനെ നിയമിച്ചുവരുന്നുണ്ട്.

പിന്നാക്കസമുദായ വിദ്യാർത്ഥികളുടെ ഫീസ് സൗജന്യം.

* 908. [48] ശ്രീ. പി. എം. മക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽപ്പെടാത്തവരായുള്ള പിന്നാക്കസമുദായ വിദ്യാർത്ഥികളുടെ ഫീസ് സൗജന്യത്തിനും മറ്റുമായി 1953-54-ൽ അനുവദിച്ചിരുന്ന തുക എത്ര ;

LIBRARY ARCHIVES Kerala Legislative Assembly